## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3612** — **11.12.2018-ൽ മറുപടിയ്ക്ക്**

### നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട എത്ര പ്രവൃത്തികൾക്കാണ് 2016-17, 2017-18 എന്നീ വർഷങ്ങളിൽ പാറശ്ശാല ബി.ഡി.ഒ, നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി എന്നിവർക്ക് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; അപ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ; | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് 2016-17, 2017-18 വർഷങ്ങളിൽ പാറശ്ശാല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് റവന്യൂ വകുപ്പിൽ നിന്നും നാല് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിരുന്നു. നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് മൂന്ന് പ്രവൃത്തികൾക്ക് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പാറശ്ശാല ബി.ഡി.ഒ. മൂന്ന് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ട് പ്രവൃത്തികൾക്ക് ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഒരു കരാറുകാരനും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി ഭരണാനുമതി ലഭ്യമായ മൂന്ന് പ്രവൃത്തികൾക്കും ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പാറശ്ശാല ബി.ഡി.ഒ. യ്ക്ക് നൽകിയ പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കുവാനുള്ളത് ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | പാറശ്ശാല ബി.ഡി.ഒ. മൂന്ന് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. ഇതിൽ രണ്ട് പ്രവൃത്തികൾക്ക് ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഒരു കരാറുകാരനും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. 2018 നവംബർ മാസത്തിൽ ഒരു പ്രവൃത്തിയ്ക്ക് കൂടി ഭരണാനുമതി ലഭിക്കുകയുണ്ടായി. എന്നാൽ ടി പ്രവൃത്തി ഒഴിവാക്കി ഇതിനായി അനുവദിച്ച തുക ടെണ്ടർ ചെയ്തിട്ടും ക്വാട്ട് ചെയ്യാത്ത രണ്ട് പ്രവൃത്തികളിൽ വിനിയോഗിക്കാൻ നെയ്യാറ്റിൻകര എൽ.എൽ.എ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാകളക്ടർക്ക് ബി.ഡി.ഒ. സമർപ്പിച്ചിട്ടുണ്ട്. ഒരു പ്രവൃത്തിയ്ക്ക് കരാറുകാരൻ ടെണ്ടർ എടുത്തുവെങ്കിലും ഉടമ്പടി വയ്ക്കാൻ തയ്യാറാകുന്നില്ല. ഈ കാരണങ്ങളാൽ ഒരു പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ടെൻഡർ നടപടികൾ സ്വീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ? | നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് ഭരണാനുമതി ലഭ്യമായ മൂന്ന് പ്രവൃത്തികൾക്കും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ